Mr. P. Govinda Menon *(Minister for Food and Education):*

(*a*) Yes; especially as regards British Malabar;
(*b*) The matter is under consideration;
(*c*) Co-operative Stores are being organised to take over Fair Price Shops.

Mr. P. Govinda Menon *(Minister for Food and Education):* I may state here that after the printed answer was prepared for sub-division (*c*) a few co-operative Societies have already been ordered to take over some of the Fair Price Shops.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know the number?

Mr. P. Govinda Menon *(Minister for Food and Education):* I want notice.

Mr. K. Balakrishna Menon *(Cheruthuruthi),* May I know whether these are only intended for distribution of paddy alone and not for procurement?

Mr. P. Govinda Menon *(Minister for Food and Education):* Not for procurement, but for distribution of paddy and other controlled articles.

Mr. K. Balakrishna Menon *(Cheruthuruthi):* What is the attitude of the Government with regard to the procurement of paddy?

Mr. P. Govinda Menon *(Minister for Food and Education):* With respect to procurement, Government have at present advanced much and it does not require a change now.

Mr. M. K. Raja *(Mulakunnathukavu):* Is the Hon'ble Minister in a position to make a general statement of policy in regard to co-operative societies in the rationing scheme?

Mr. P. Govinda Menon *(Minister for Food and Education):* The policy of the Government is to entrust the work of distribution to co operative societies. I am not in a position to make a statement now. As soon as certificates are obtained from the Registrar of Co-operative Societies, this work will be entrusted to them.

Mr. M. K. Raja *(Mulakunnathukavu):* Are we to understand that societies from which applications have been received like that and which have been recommended by the Registrar will actually be given retail licenses?

Mr. P. Govinda Menon *(Minister for Food and Education):* That is the policy.

Mr. K. Balakrishna Menon *(Cheruthuruthi):* Will the Government be pleased to entrust the procurement also to co-operative societies in order to give a fillip to the co-operative movement in the State?

Mr. P. Govinda Menon *(Minister for Food and Education):* The Food Department is organised not exactly to encourage the co-operative movement in the State; but the prime consideration is the proper procurement and distribution, and if the Government is satisfied with the present system of procurement it cannot be bettered by entrusting it to co-operative societies in order to encourage co-operative societies alone.

Mr. K. Balakrishna Menon *(Cheruthuruthi):* Nobody said that, but what is the harm?

Mr. P. Govinda Menon *(Minister for Food and Education):* There is absolutely no harm. The procurement system carried on here is not in any way inferior to the system introduced in British Malabar. I may state here for the information of the House that the statement that the procurement in British Malabar is done by co-operative societies is not completely correct. The procurement done there is more or less in the same fashion as it is done here. Before the new system was introduced, there was a middle-man agency in British Malabar and other districts of the Madras Presidency. In fact in the proceedings initiated by the Madras Government they had adverted to the very efficient and proper system of procurement existing in Cochin State and particular reference has been made of this in the proceedings.

മിസ്റ്റർ കെ. എ. രാഘവൻ: എവിടെയെല്ലാം കോവാപ്പറേറീവ് സൊസൈറ്റിക്ക കൊടുത്തിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തൃശ്ശിവപേരൂർ കോവാപ്പറേറീവു സൊസൈറ്റിക്ക കൊടുത്തിട്ടുണ്ട്. പിന്നെയുള്ളതു പറയണമെങ്കിൽ നോട്ടീസു വേണം.

FEMALE WARDS IN THE GENERAL HOSPITAL—ERNAKULAM

8. മിസ്റ്റർ കെ. എ. രാഘവൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽ നിന്നും സദയം മറുപടി പറയുമോ.—

(എ) എറണാകുളം ജനറൽ ആസ്പത്രിയിൽ ആകെ എത്ര സ്ത്രീ വാർഡുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വാർഡുകളിൽ എല്ലാം കൂടി എത്ര സ്ത്രീ രോഗികൾക്ക കിടക്കുവാനുള്ളസൌകര്യങ്ങൾ ഉണ്ട്;

(സി) ഈ രോഗികളുടെ രോഗസ്ഥിതികൾ അന്വേഷിക്കാൻ പ്രസ്തുത ആസ്പത്രിയിൽ എത്ര ലേഡിഡോക്ടർമാർ ഉണ്ട്;

(ഡി) അവരുടെ ഓരോരുത്തരുടേയും കാളിഫിക്കേഷൻ എന്താണ്?

റാവു ബഹദൂർ ടി. കെ. നായർ: (എ) ഏഴ് സ്ത്രീ വാർഡുകൾ ഉണ്ട്.

(ബി) ഫസ്റ്റ് സ്ത്രീ രോഗികൾക്ക് കിടക്കുവാനുള്ള സൌകര്യങ്ങളുണ്ട്.

(സി) നാല്.

(ഡി) Dr. മിസ്സിസ്സ് മേരി ആൻറണി M.B., B.S., D.G.O.
Dr. ദാക്ഷായണിഅമ്മ M.B., B.S., D.G.O.
Dr. ലില്ലി മേനോൻ M.B., B.S.

മിസ്റ്റർ കെ. എ. രാഘവൻ: ഈ ലേഡി ഡോക്ടർമാർ ഓരോരുത്തർക്കും എത്രകൊല്ലത്തെ സർവ്വീസ്സ് വീതമാണ് ഉള്ളത്?

റാവുബഹദൂർ ടി. കെ. നായർ: പെട്ടെന്ന പറയുവാൻ നിവൃത്തിയില്ല. നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. എ. രാഘവൻ: ഉത്തരം (ഡി) യിൽ പറഞ്ഞിട്ടുള്ളവരിൽ കൂടുതൽ സർവ്വീസ്സുള്ള ലേഡി ഡാക്ടർമാരില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടായിരിക്കണം, എന്നെറ ഓർമ്മയിൽ ഡാക്ടർ ഗൌരി അമ്മക്ക വളരെകാലം സർവ്വീസ്സായിട്ടുണ്ടെന്നറിയാം.

മിസ്റ്റർ കെ. എ. രാഘവൻ: ഗൌരി അമ്മയെ കൂടാതെ വേറെ ഡാക്ടർമാരില്ലെ?

റാവുബഹദൂർ ടി. കെ. നായർ: കൂടുതൽ സർവ്വീസ്സുള്ളവർ വേറെയുമുണ്ടാകും.

മിസ്റ്റർ കെ. എ. രാഘവൻ: കൂടുതൽ സർവ്വീസ്സുള്ളവരെയെല്ല കൂടുതൽ രോഗികൾ ഉള്ള സ്ഥലത്തേക്ക അയക്കേണ്ടതു?

റാവുബഹദൂർ ടി. കെ. നായർ: ജോലി നോക്കുന്ന കാര്യത്തിൽ സർവ്വീസ്സ് പോരാത്ത കുഴപ്പമുണ്ടെന്ന പരാതിയില്ല. സർവ്വീസ്സില്ലാത്തതുകൊണ്ട് അവർ മോശക്കാരാണെന്ന സമ്മതിക്കുവാൻ ഗവൺമെണ്ട് തയ്യാറില്ല. നല്ല ഡാക്ടർമാരെ എല്ലാ ആശുപത്രികളിലും വെക്കണമെന്നാണ് ഗവൺമെണ്ടിൻെറ ഉദ്ദേശം.

മിസിസ്സ് ടി. ഫ്രാൻസീസ്: ഫസ്റ്റ് സ്ത്രീ രോഗികളെ കിടത്തി ചികത്സിക്കുവാൻ മാത്രമുള്ള സൌകര്യം മതിയെന്നാണൊ ഗവൺമെണ്ട് വിചാരിക്കുന്നതു?

റാവുബഹദൂർ ടി. കെ. നായർ: തീരെ പോര.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അതിനുവേണ്ടി ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നതു എന്താണ്?

റാവുബഹദൂർ ടി. കെ. നായർ: കെട്ടിടങ്ങൾ കൂടുതൽ ഉണ്ടാക്കണം. അതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ആ ആലോചന നടപടിയിൽ വരുത്താമൊ?

റാവുബഹദൂർ ടി. കെ. നായർ: നടപടിയിൽ വരുത്താൻ കുറച്ചു ബുദ്ധിമുട്ടുണ്ട്. ജനറലാശുപത്രിയിൽ സ്ഥലമുള്ളിടത്തൊക്കെ കെട്ടിടം കെട്ടി കഴിഞ്ഞു. ഇനി മേൽപ്പോട്ട പൊക്കുവാനല്ലാതെ നിവൃത്തിയില്ല. മിലിട്ടറി ആശുപത്രിയായ റാം മോഹൻ പാലസ് അവിടെയുള്ള എകപ്പിപ്പുമെൻസോടുകൂടി വിട്ടുതരണമെന്ന മിലിട്ടറി അതോറിട്ടീസിനോട ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടിയാൽ ജനറലാശുപത്രി അങ്ങോട്ട മാറ്റുവാനുള്ള ഒരാലോചനയുണ്ട്. അതു തീച്ചയായിട്ടില്ല. ഉള്ള സ്ഥലത്തു മേൽപോട്ട പൊക്കണൊ അതൊ അങ്ങോട്ട മാറ്റണൊ എന്ന താമസിയാതെ തീച്ചയാകും. അതുവരെ ഈ ബുദ്ധിമുട്ട അനുഭവിക്കേണ്ടി വരും.

Mr. P. A. Muhamad Ashroff *(Cranganur)*: May I know Sir, whether the Government have any intention to acquire lands on the eastern side of the general hospital?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ : ഇപ്പോൾ ഈ പറഞ്ഞതിൽ ഇല്ല. അങ്ങോട്ട മാറ്റണ്ണില്ലെങ്കിൽ ഇപ്പോഴുള്ള സ്ഥലത്തു കിഴക്കോട്ടൊ, മേൽപോട്ടൊ, തെക്കോട്ടൊ, വടക്കോട്ടൊ എങ്ങോട്ടാണ് നീട്ടി കെട്ടേണ്ടതെന്ന തീരുമാനിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏറ്റവും കൂടുതൽ സവ്വീസ്സുള്ളവരെ എല്ലാം ജനറലാശുപത്രിയിൽ വെക്കണമെന്നാണൊ ഗവർമ്മെണ്ടിന്റെ ഉദ്ദേശം?

റാവുബഹദൂർ ടി. കെ. നായർ : സവ്വീസ് നോക്കീട്ടല്ല വെക്കുന്നതു്. സവ്വീസുള്ളവരെ ജനറലാശുപത്രിയിൽ വെക്കുകയും സവ്വീസില്ലാത്തവരെ ഉൾനാടുകളിൽ വെക്കുകയും, ചെയ്യണമെന്നുള്ള പോളിസിയല്ല ഗവണ്മെണ്ടിനുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അപ്പോൾ ബാക്കിയുള്ള ആശുപത്രികളിലേക്കും നല്ല ഡോക്ടർമാരെ തരുമോ?

റാവുബഹദൂർ ടി. കെ. നായർ : തീർച്ചയായിട്ടും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഇവിടെ ഈ പറയുന്ന ഫ ഫ ഠ രോഗികളും ഉണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : സ്ഥലം പോരാ എന്നല്ലാതെ ബെഡ്ഡ് ഒഴിവുണ്ടെന്നുള്ള കേസ്സില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : (ബി. സി.) ഉത്തരംകൊണ്ടു് ഇതിൽ പറഞ്ഞിരിക്കുന്ന വിധത്തിലുള്ള ക്ഷന്തവ്യമല്ലാത്ത അനീതിയെ ഇല്ലായ്മചെയ്യുവാൻ സാധിക്കുമോ; അതായതു് ഫ ഫ ഠ രോഗികളുടെ ശുശ്രൂഷക്കു് നു പേർ മതിയെന്നാണോ ഗവണ്മെണ്ടിന്റെ അഭിപ്രായം?

റാവുബഹദൂർ ടി. കെ. നായർ : ഇതു വളരെ മോശമായിട്ടുണ്ടെന്നു് ഒരു തരത്തിലും ഗവണ്മെണ്ടിനു് അഭിപ്രായമില്ല. മറവുള്ള മേജർ പ്രോവിൻസുകളെ അപേക്ഷിച്ചു നോക്കുമ്പോൾ ഫ ഫ ഠ രോഗികൾക്കു് നു ഡാക്ടർമാർ ഒരു തരത്തിലും പോരാതെ വരുന്നില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ : മിഷിട്ടറി ഹോസ്പിറ്റലിൽ ഇപ്പോഴും രോഗികൾ ഉണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : ഉണ്ടു്.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ : അങ്ങിനെയുണ്ടെങ്കിൽ അതെടുത്തിട്ടു് എന്താണു കാര്യം?

റാവുബഹദൂർ ടി. കെ. നായർ : അവർ ഇവിടെനിന്നു വിട്ടുപോകുകയാണു്. അവർ വിട്ടു പോകുന്ന അവസരത്തിൽ അവിടെയുള്ള എക്വിപ്പുമെന്റ്സൊടുക്കടി കെട്ടിടം വിട്ടുകിട്ടിയാൽ സൌകര്യമായി.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : ഇപ്പോഴുള്ള മുന്നുപേരും എല്ലാവരുടേയും ആവശ്യത്തിനു എപ്പോഴും കിട്ടുമോ?

റാവുബഹദൂർ ടി. കെ. നായർ : കിട്ടുന്നില്ലെന്നു പരാതിയില്ല.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : ലേഡി ഡാക്ടർമാർക്കു നൈറ്റ് ഡ്യൂട്ടി ഇല്ലെന്നാണു അറിയുന്നതു്. അതുകൊണ്ടു് രാത്രിയിൽ രോഗികൾക്കു ബുദ്ധിമുട്ടുണ്ടെന്നു ഗവണ്മെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ : അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സ്ത്രീകളുടെ ആവശ്യത്തിനു ലേഡി ഡാക്ടർമാർ തന്നെ വേണമെന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : ഉൾനാടുകളിൽ ലേഡി ഡാക്ടർമാരെ കിട്ടുവാൻ വിഷമമുണ്ടു്. അവിടെയൊക്കെ സ്ത്രീകളുടെ ആവശ്യത്തിനു പുരുഷന്മാരായ ഡാക്ടർമാരെയാണു് കൊണ്ടുപോകുന്നതു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : രാത്രികാലങ്ങളിൽ ലേഡി ഡാക്ടർമാരെ കിട്ടാത്തതുകൊണ്ടു രാത്രിയിൽ രോഗികൾക്കു വളരെ ബുദ്ധിമുട്ടുണ്ടു്.. അതുകൊണ്ടു ആർ. എം. ഒ. ആയി ഒരു ലേഡി ഡാക്ടരെ നിശ്ചയിച്ചാൽ രോഗികൾക്കു വേണ്ട സൌകര്യങ്ങളും എപ്പോഴും ചെയ്തു കൊടുക്കുവാൻ സാധിക്കും.

റാവുബഹദൂർ ടി. കെ. നായർ : രോഗികൾക്കു സൌകര്യം ചെയ്തു കൊടുക്കുവാൻ വേണ്ടതൊക്കെ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ആർ. എം. ഒ. യെപ്പോലെ ലേഡി ഡാക്ടർമാരിൽ ഒരാളെയെങ്കിലും ജനറലാശുപത്രിയിൽ താമസിപ്പിക്കുന്നതു് വലിയ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണൊ?

റാവുബഹദൂർ ടി. കെ. നായർ : ഒരു ലേഡി ഡാക്ടർ എപ്പോഴും വേണമെന്നും, എന്റെ സ്വന്തം അഭിപ്രായത്തിൽ നെഴ്സുമാരും, ഡാക്ടർമാരും, മിഡ്വൈഫുമാരും സർവ്വൻറസും എല്ലാം ആശുപത്രിക്കുള്ളിൽ താമസിക്കണമെന്നും, അതിനുവേണ്ട സൌകര്യം ഉണ്ടാക്കി കൊടുക്കണമെന്നുമുള്ള ഉദ്ദേശക്കാരനാണു് ഞാൻ.

CONTROL OF PRICES FOR COCOANUTS, COCOANUT CAKE AND COCOANUT OIL

9. മിസ്റ്റർ എം. കെ. വാഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമൊ.—

നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില നിയന്ത്രിക്കുവാൻ ഇൻഡ്യാ ഗവൺമെണ്ടു് ആലോചിക്കുന്നതായി കൊച്ചി ഗവൺമെണ്ടിനു വല്ല അറിവും ഉണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ടി കാര്യത്തെപ്പറ്റി ഇന്ത്യാഗവൺമെണ്ടുമായി ആലോചിച്ചു വരുകയാണു്.

PERINGALKUTHU HYDRO ELECTRIC SCHEME

10. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പെരിങ്ങൽക്കുത്തു് ഹൈഡ്രൊ ഇലക്ട്രിക്കു് പദ്ധതിക്കു വേണ്ടതായ യന്ത്രസാമഗ്രികളും എല്ലാം ഗവൺമെണ്ടിനു ലഭിച്ചു കഴിഞ്ഞുവൊ ;

(ബി) ഈ പദ്ധതികൊണ്ടുള്ള ഗുണാനുഭവം കൊച്ചിക്കാർക്കു ഏതുകൊല്ലത്തിൽ ഉണ്ടാകുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു് ?

റാവുസാഹിബു് കെ. അയ്യപ്പൻ :

(എ) ഇല്ല. ഇക്കാലത്തു് ൪ മാസത്തോളം ഉല്പാദകരിൽനിന്നും വിലവിവരങ്ങളും ലഭിക്കുന്നതിനുതന്നെ എടുക്കുന്നു. ഓർഡർ കൊടുത്തതിനുശേഷം യന്ത്രസാമഗ്രികളും എത്തുന്നതിനു ൧൦ മാസക്കാലവും വേണ്ടിവരും.

(ബി) ൧൯൫൪-ൽ ഉണ്ടാകുമെന്നാണു് പ്രതീക്ഷ.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: മെഷിനറി വാങ്ങുന്നതിനുള്ള സാംഗ്ഷൻ ഇൻഡ്യാ ഗവർമെണ്ടിൽ നിന്നു കിട്ടിയിട്ടുണ്ടൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: പ്രയോറിട്ടി കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: മെഷിനറിക്കു് ഓർഡേഴ്സ് കൊടുത്തുകഴിഞ്ഞുവൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: കിട്ടേണ്ട ചിലവിവരങ്ങളും കിട്ടിയിട്ടില്ല. അതുകൊണ്ടു് ചില ചില്ലറ സാമഗ്രികൾക്കു മാത്രമെ ഓർഡർ കൊടുത്തിട്ടുള്ളു. മോട്ടാർ യന്ത്രങ്ങളും വരുത്താതെ മറ്റുസാമഗ്രികളും വരുത്തീട്ടു കാര്യമില്ല. പ്രധാനപ്പെട്ട യന്ത്രങ്ങൾക്കു ഓർഡർ കൊടുക്കുവാൻ കുറച്ചുകൂടി താമസം വേണ്ടിവരും.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇൻഡ്യാഗവർമെണ്ടിൽനിന്നു് പ്രയോറിട്ടി എല്ലാ സാധനങ്ങൾക്കും അനുവദിച്ചിട്ടുണ്ടൊ?

റാവു സാഹിബു് കെ. അയ്യപ്പൻ: നോട്ടീസ്സു വേണം.

FRANCHISE COMMITTEE REPORT

11. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) (i) ഫ്രാഞ്ചൈസു് കമ്മിറ്റിക്കാർ അവരുടെ റിപ്പോർട്ടു് സമർപ്പിച്ചുവോ ;

(ii) അവരുടെ ശുപാർശകളെപ്പറ്റിയുള്ള ഗവൺമെണ്ടുത്തരവു പാസ്സാക്കിയൊ ;

(ബി) ഫ്രാഞ്ചൈസു കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളെപറ്റി പലേ സമുദായങ്ങളുടെയിടയിലും പ്രതിഷേധമുള്ളതായി ഗവൺമെണ്ടിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly